**കേരള സർക്കാർ**

**സംഗ്രഹം**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള അംഗ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാരുടെ ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിച്ചത് - പ്രാബല്യത്തീയതിയിൽ മാറ്റം വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.933/2018/ഉ.വി.വ. തീയതി, തിരുവനന്തപുരം, 10.05.2018

---

പരാമർശം:- (1) 11.01.2018 ലെ സ.ഉ(സാധാ) 82/2018/ഉവിവ നമ്പർ ഉത്തരവ്.
(2) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 20.01.2018 ലെ ഇ 2-1955/2016 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിലെ ലൈബ്രേറിയന്മാരുടെ അലവൻസിൽ 1.04.2018 മുതൽ പ്രാബല്യത്തിൽ പ്രതിമാസം 500/- രൂപയുടെ വർദ്ധനവ് അനുവദിച്ചിരുന്നു. എന്നാൽ 2017-18 ലെ കൗൺസിൽ ബഡ്ജറ്റിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിമാസം 500/- രൂപയുടെ വർദ്ധനവ് അലവൻസിൽ വരുത്തുവാനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചതെന്നും 2017-18 സാമ്പത്തിക വർഷം തന്നെ വർദ്ധന നടപ്പാക്കാൻ കഴിയുന്ന നിലയിലാണ് ബഡ്ജറ്റിൽ ഈ വർദ്ധന ഉൾപ്പെടുത്തിയതെന്നും ഇതിനുവേണ്ടി സർക്കാർ അധിക തുക അനുവദിക്കേണ്ടതില്ലെന്നും അതിനാൽ വർദ്ധനവിന് 01.04.2017 മുതൽ പ്രാബല്യം നൽകി ഉത്തരവിൽ ഭേദഗതി വരുത്തണമെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിലെ ലൈബ്രേറിയൻമാരുടെ അലവൻസിൽ വരുത്തിയ വർദ്ധനവിന് 01.04.2017 മുതൽ പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു റ്റി**

അണ്ടർ സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (28.3.2018 ലെ EDN-B2/95/2017-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ